# Siraj
# 30 July 2018
# Kothamangalam ; kothamangalam, Flood,Land Slip

### തൊമ്മൻകുത്തിൽ ഉരുൾ പൊട്ടി

# കോതമംഗലം, മൂവാറ്റുപുഴ മേഖലയിൽ വീണ്ടും വെള്ളപൊക്കം



തൊമ്മൻകുത്തിലെ ഉരുൾപ്പൊട്ടലിനെ തുടർന്ന് കോതമംഗലത്ത് വെള്ളം കയറിയപ്പോൾ



മൂവാറ്റുപുഴയാർ കരകവിഞ്ഞതിനെ തുടർന്ന് കാളചന്തയിലെ വീടുകളിൽ വെള്ളം കയറി നിലയിൽ

**കോതമംഗലം:** തൊമ്മൻകുത്തിലും, മുള്ളരിങ്ങാടുമുണ്ടായ ഉരുൾ പൊട്ടലിനെ തുടർന്ന് അപ്രതീക്ഷിതമായുണ്ടായ വെള്ളപ്പൊക്കത്തിൽ കോതമംഗലം ആർ കരകവിഞ്ഞൊഴുകി. വീടുകളും കൃഷിയിടങ്ങളും പാലങ്ങളും റോഡുകളും വെള്ളത്തിലായി. കോതമംഗലം പുഴയുടെ തീരങ്ങളിൽ വരുന്ന പല്ലാരിമംഗലം, കവളങ്ങാട് പഞ്ചായത്തുകളിലെ വിവിധ ഭാഗങ്ങളിൽ കനത്ത നാശം വിതച്ചു. പല്ലാരിമംഗലത്ത് വള്ളക്കടവ്, കൂറ്റംവേലി, മണിക്കിണർ, വെള്ളാരമറ്റം, കുടമുണ്ട തുടങ്ങിയ പ്രദേശങ്ങൾ വെള്ളത്തിനടിയിലായി. കുടമുണ്ടപാലവും പുഴക്ക് കുറുകെയുള്ള നിരവധി ചപ്പാത്തുകളും വെള്ളത്തിനടിയിലായി.

മണി കിണർ പാലത്തിന്റെ കൈവരിപുഴയിലൂടെ ഒഴുകിവന്ന മരത്തടി ഇടിച്ച് പൂർണമായും തകർന്നു. വള്ളക്കടവ്, കുറ്റംവേലി, വെള്ളാരുമറ്റം പ്രദേശങ്ങളിലായി ഇരുപതോളം വീടുകൾ പുലർച്ചെ മൂന്ന് മണിയോടെ ഭാഗികമായി വെള്ളത്തിനടിയിലായി. കുടമുണ്ട കാരോത്തുകുഴിയിൽ ഹംസയുടെ മൂന്നേക്കർ നെൽകൃഷി പൂർണമായും വെള്ളം കയറി നശിച്ചു. മടിയൂർ കണ്ണിക്കാട് വെളിയത്ത് ബഷീറിന്റെ കൃഷിയിടത്തിൽ വെള്ളം കയറി കപ്പ, മഞ്ഞൾ, ചേനചേമ്പ് പയർ ഉൾപ്പെടെയുള്ള കൃഷികൾ നശിച്ചു. കുടമുണ്ടയിൽ പഴമ്പിള്ളിൽ ഹംസയുടെ രണ്ട് വർഷം പ്രായമുള്ള 65 തെങ്ങ് പൂർണമായും വെള്ളത്തിനടിയിലായി. ഒന്നാംവാർഡിലെ അംഗൻവാടിയും ഈ പ്രദേശത്തെ കൃഷിയിടങ്ങളും വെള്ളത്തിലായി. വെള്ളം കയറി ദുരിതത്തിലായ പ്രദേശങ്ങളിൽ എം എൽ എ ആന്റണി ജോൺ, പഞ്ചായത്ത് പ്രസിഡന്റ് പി കെ മൊയ്തു, ബ്ലോക് പഞ്ചായത്ത് അംഗം ഒ ഇ അബ്ബാസ്, വില്ലേജ് ആഫീസർ കെ എം നാസർ, പഞ്ചായത്ത് സെക്രട്ടറി എം എം ഷംസുദ്ധീൻ തുടങ്ങിയവർ സന്ദർശിച്ചു. നാശനഷ്ടങ്ങൾ സംഭവിച്ചവർക്ക് ആവശ്യമായ നഷ്ട പരിഹാരം ലഭിക്കുവാനുള്ള നടപടി സ്വീകരിക്കണമെന്ന് ആന്റണി ജോൺ എം എൽ എ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി.

**മൂവാറ്റുപുഴ:** മൂവാറ്റുപുഴ നഗരത്തിലെ താഴ്ന്ന പ്രദേശങ്ങളിലും ജനവാസ കേന്ദ്രങ്ങളിലും വീണ്ടും വെള്ളം കയറി. മുള്ളിരിങ്ങാട് തൊമ്മൻകുത്തിൽ ഉരുൾപൊട്ടയതിനെ തുടർന്ന് കാളിയാർ പുഴ കരകവിഞ്ഞ് ഒഴുകാൻ തുടങ്ങയിരുന്നു. കാളിയാർ പുഴയിലെ വെള്ളം മൂവാറ്റുപുഴയറിലേക്ക് എത്തിയതോടെയാണ് മൂവാറ്റുപുഴയാർ കര കവിഞ്ഞത്. മാത്രവുമല്ല മലയോരമേഖലയിൽ നിർത്താതെ പെയ്യുന്ന മഴയും മൂവാറ്റുപുഴയാർ നിറഞ്ഞൊഴുകുന്നതിന് കാരണമായി. മൂവാറ്റുപുഴയാറിലെ കുളികടവുകളിലും, പുഴയോര നടപ്പാതയിലും വെള്ളം കയറി.

ഇന്നലെ ഉച്ചയോടെയാണ് മൂവാറ്റുപുഴയാറിൽ ജലനിരപ്പ് ക്രമാതീതമായി ഉയരാൻ തുടങ്ങിയത്. വൈകിട്ടായതോടെ സ്റ്റേഡിയം പരിസരത്തെ കാളചന്തയിലും, ഇലാഹിയ കോളനിയിലുമാണ് ആദ്യം വെള്ളമെത്തിയത്. തുടർന്ന് എവറസ്റ്റ് കവലയിലും, നഗരത്തിലെ താഴ്ന്ന പ്രദേശങ്ങളിലും വെള്ളം കയറി. വൈകുന്നേരമായതോടെ കടവും പാട് മേഖലയിലും താഴ്ന്ന പ്രദേശങ്ങളിലെ വീടുകളിലും വെള്ളം കയറി. തുടർന്ന് നഗരത്തിലെയും പരിസരങ്ങളിലെയും താഴ്ന്ന പ്രദേശങ്ങളിലേക്ക് വെള്ളം അതിശക്തിയായി കയറികൊണ്ടിരിക്കുകയാണ്. കൊച്ചങ്ങാടിയിലെ ഏതാനം വീടുകളിലും വെള്ളം കയറി. വെള്ളത്തിന്റെ വരവ് ശക്തമായതോടെ കിഴുക്കായി തോട് കരകവിഞ്ഞ് ഒഴുകാൻ തുടങ്ങി. ഇതോടെ ഇലാഹിയാ കോളനിയിലെ വീടുകളിലേക്കും സ്റ്റേഡിയം പരിസരത്തെ വീടുകളിലേക്കും വെള്ളം കയറുമെന്ന ആശങ്കയുമുണ്ട്. ഇതിനുപുറമെ ഇടുക്കി ഡാം തുറന്നുവിടുമെന്ന് അറിയിപ്പും വന്നതോടെ നഗരത്തിലെ ജനങ്ങൾ ആശങ്കയിലാണ്.